പതിനൊന്ന്

## അച്ചടക്കം

അച്ചടക്കം കയ്പേറിയ ഒരു സംഗതിയല്ല. ചിലർക്ക് അങ്ങനെ തോന്നാറുണ്ട്. അവർക്ക് മറ്റുള്ളവരെ അനുസരിക്കാൻ മടിയാണ്.

സമൂഹമായി ജീവിക്കുമ്പോൾ നമുക്ക് നിർബന്ധമായും ഉണ്ടാകേണ്ട ഗുണമാണ് അച്ചടക്കം. മിണ്ടാതെ, അടങ്ങിയൊതുങ്ങിയിരിക്കുക മാത്രമല്ല അച്ചടക്കം. അച്ചടക്കത്തിന് ഓരോ സന്ദർഭത്തിനും ഓരോ രീതിയുണ്ട്.

ക്ലാസ്സിൽ അച്ചടക്കം പാലിക്കണമെന്ന് അധ്യാപകൻ കല്പിച്ചാൽ അവിടെ ബഹളമുണ്ടാക്കാതെ മിണ്ടാതിരിക്കലാണ് അച്ചടക്കം. രണ്ടു പേർ അടിപിടി കൂടുന്നതു കണ്ടാൽ അവിടെ മിണ്ടാതെ അത് നോക്കി നില്ക്കലല്ല, അവരെ അനുനയിപ്പിച്ച് പിരിച്ചയക്കുകയാണ് അവിടെ അച്ചടക്കം.

ഒട്ടും നല്ലതല്ലാത്ത വല്ല കാഴ്ചയും കണ്ടാൽ അവിടെ നില്ക്കുകയല്ല വേണ്ടത്, അത് കാണാൻ നിൽക്കാതെ തന്റെ വഴിക്ക് പോവുകയാണ് ആവശ്യം.

ആരെങ്കിലും തന്നോട് മറ്റുള്ളവരെപ്പറ്റി ഇല്ലാത്തതും ഉള്ളതുമായ കുറ്റം പറയാൻ തുടങ്ങിയാൽ ആരെപ്പറ്റിയും അങ്ങനെ പറയരുതെന്ന് പറയുകയും അവിടെ നിന്ന് സ്ഥലം വിടുകയുമാണ് അവിടത്തെ അച്ചടക്കം.

ആളുകൾക്കിടയിലൂടെ നടക്കുമ്പോൾ അവർക്ക് പ്രയാസമുണ്ടാക്കുന്ന രീതിയിൽ നടക്കാതെ മാന്യമായി നടക്കുകയും റോഡ് മുറിച്ചുകടക്കുമ്പോൾ വാഹനങ്ങൾ പോയിക്കഴിഞ്ഞെന്ന് ഉറപ്പ് വരുത്തിയ ശേഷം മുറിച്ചുകടക്കുകയുമാണ് അവിടത്തെ അച്ചടക്കം.

കടകളിൽനിന്ന് സാധനങ്ങൾ വാങ്ങുന്നത് മറ്റുള്ളവരെ പ്രയാസപ്പെടുത്തിക്കൊണ്ടാകാതിരിക്കലാണ് അവിടത്തെ അച്ചടക്കം. മാതാപിതാക്കൾ വല്ലതും കല്പിച്ചാൽ അത് കഴിവതും വേഗം ചെയ്യുകയാണ് അവിടെ ആവശ്യം. ആളുകളുമായി സംസാരിക്കുമ്പോൾ ആദരപൂർവം സംസാരിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്യുകയത്രെ അവിടത്തെ രീതി. ആരെങ്കിലും വല്ല ഉപകാരവും ചെയ്താൽ അതിന് നന്ദി പറയുകയെന്നതും അവിടത്തെ രീതിയാണ്.

കളവ് പറയേണ്ട സാഹചര്യം വരുമ്പോൾ അതിൽനിന്ന് ഏതെങ്കിലും വിധത്തിൽ ഒഴിവാകുകയും കള്ളം പറയാതിരിക്കുകയുമാണ് വേണ്ടത്. അബദ്ധത്തിൽ ആരോടെങ്കിലും വല്ല തെറ്റും ചെയ്താൽ ക്ഷമായാചനം ചെയ്യുക തന്നെ വേണം.

ഇങ്ങനെ ഓരോ സന്ദർഭത്തിലും നല്ലതായ ഓരോ രീതിയുണ്ട്. അത് നാം നമ്മുടെ സ്വഭാവമായി ഉണ്ടാക്കിയെടുക്കണം. ഇതിനെയാണ് നാം അച്ചടക്കം എന്നു പറയുന്നത്. ഈ രീതിയിൽ ജീവിച്ചാൽ നാം ഒരിക്കലും പരാജയപ്പെടില്ല. വിജയം എന്നും നമ്മോടൊപ്പമായിരിക്കും.